LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) നടപ്പിലാക്കിവരുന്നു.

(ബി) ഗാന്ധിഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളുടെ സമഗ്ര വികസനമാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. കോളനിയിലേയ്ക്കുള്ള റോഡ്/നടപ്പാത നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ആഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ നിർമ്മാണം.

(സി) ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിൽ പരമാവധി ഒരു കോടി രൂപ ചെലവഴിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും വിവിധ സർക്കാർ അക്രെഡിറ്റഡ് ഏജൻസികൾ പ്രസ്തുത പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിഗണിച്ച് എസ്റ്റിമേറ്റ് തുകയുടെ 25% തുക (ആകെ 289.68 ലക്ഷം രൂപ) 2014-15 സാമ്പത്തിക വർഷാവസാനം ഏജൻസികൾക്ക് വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണം

254 (955) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മധുരവേലിയിൽ പട്ടികജാതി/ പട്ടികവർഗ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് ഗവൺമെന്റിലേക്ക് അയക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ഉണ്ടായിരിക്കുന്ന എസ്റ്റിമേറ്റിലെ പോരായ്മ പരിഹരിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഈ റിപ്പോർട്ട് എന്ന് സമർപ്പിക്കും എന്നറിയിക്കാമോ;

(സി) പട്ടികജാതി/പട്ടികവർഗ വകുപ്പിൽനിന്ന് ഈ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനക്ക് അയയ്ക്കാതെ എത്ര മാസത്തെ കാലതാമസം ഉണ്ടായി എന്ന് അറിയിക്കാമോ; ഈ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് അയയ്ക്കാതെ പിടിച്ച് വച്ചിരിക്കുന്ന ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മധുരവേലി ഐ.ടി.ഐ. കെട്ടിടത്തിന് ആവശ്യമായ മെയിന്റനൻസ് ആന്റ് റിനോവേഷൻ പ്രവൃത്തികൾക്കുള്ള 31.5 ലക്ഷം രൂപയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ചീഫ് എഞ്ചിനീയർ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. അതേ സമയം ടി ഐ.ടി.ഐ. കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കാൻ ദക്ഷിണ മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറോട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്. മേൽ റിപ്പോർട്ട് ലഭ്യമാകാത്തതു കൊണ്ടാണ് മധുരവേലി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഡയറക്ടർ ഗവൺമെന്റിലേക്കയയ്ക്കാത്തത്.

(ബി) നൽകിയിട്ടുണ്ട്. ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറോട് ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭ്യമായാലുടൻ ഈ റിപ്പോർട്ട് സമർപ്പിക്കും.

(സി) മധുരവേലി ഐ.ടി.ഐ. കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 21-8-2015-ലാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചത്. എന്നാൽ ടി ഐ.ടി.ഐ. കെട്ടിടം അറ്റകുറ്റപ്പണി ചെയ്യുന്നതിനായി കോട്ടയം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും 15 ലക്ഷം രൂപ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചതുപ്രകാരം ഇക്കാര്യത്തിൽ സ്പഷ്ടീകരണം ആവശ്യമായി വരികയും ആയത് ദക്ഷിണമേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടറിൽനിന്നും ലഭിക്കാത്തതുകൊണ്ടുമാണ് എസ്റ്റിമേറ്റ് സർക്കാരിലേക്കയയ്ക്കാൻ വൈകിയത്. ഇക്കാരണത്താൽ എസ്റ്റിമേറ്റ് സർക്കാരിലേക്ക് അയയ്ക്കാത്തതിന് നടപടി എടുക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly